# 'പാപങ്ങളെ ഓർക്കാത്തവൻ'

## യെശയ്യാവ് 38.17

**"സമാധാനത്തിനായി എനിക്ക് അത്യന്തം കയ്പായതു ഭവിച്ചു എങ്കിലും നീ എന്റെ സകല പാപങ്ങളെയും നിന്റെ പിറകിൽ എറിഞ്ഞു കളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശകുഴിയിൽ നിന്ന് സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു."**

മരണത്തിൽ നിന്നും അത്ഭുതകരമായി വിടുവിക്കപ്പെട്ട ഹിസ്കിയ രാജാവിന്റെ സ്തോത്രഗാനത്തിൽ നിന്നുള്ളതാണ് പ്രസ്തുതവാക്യം. തനിക്ക് മരണകരമായ ഒരു രോഗം പിടിപ്പെട്ടപ്പോൾ ജീവനും മരണവും ദൈവത്തിന്റെ അധികാരത്തിൻ കീഴിലാണെന്നു മനസ്സിലാക്കിയ ഹിസ്കിയാവ് "മുഖം ചുവരിന്റെ നേരെ തിരിച്ച് യഹോവയോടു പ്രാർത്ഥിച്ചു" (യെശയ്യ 38:2) എന്ന് നാം വായിക്കുന്നു. ആ പ്രാർത്ഥന ദൈവം കേൾക്കുകയും അവന്റെ ആയുസ്സിനോടു പതിനഞ്ചു സംവത്സരം കൂട്ടി കൊടുക്കുകയും ചെയ്തു. ഹിസ്കിയാവിന്റെ വിശ്വാസത്തെ പരീക്ഷിക്കാനായിരിക്കാം ഒരുപക്ഷേ അവനെ ആ രോഗത്തിലൂടെ കടത്തിവിട്ടത്. മരണനിഴലിൻ താഴ്വരയിൽ കൂടി അവൻ കടന്നുപോയപ്പോൾ ദൈവത്തെക്കുറിച്ച് പുതിയ അറിവുകൾ അവന് ലഭിച്ചു. ജീവിതത്തെക്കുറിച്ച് പുതിയ അർത്ഥവും അവന് ലഭ്യമായി. ഹിസ്കിയാവിന്റെ രോഗസൗഖ്യവും, സ്തോത്രഗാനവും ഒരു വിശ്വാസിക്ക് പ്രചോദനം തരുന്നതാണ്.

പ്രതികൂലങ്ങൾ വരുമ്പോൾ ലോകത്തിലേക്കും, മനുഷ്യരിലേക്കും നോക്കി സഹായം തേടാതെ ദൈവത്തിങ്കലേക്ക് നോക്കണം. ദൈവം ഒരിക്കലും നമ്മെ രോഗമോ കഷ്ടതയോ തന്ന് നാശത്തിലേക്ക് പോകാൻ അനുവദിക്കില്ല. അവൻ പ്രയാസങ്ങളും, പ്രതികൂലങ്ങളും നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നത് അതിലൂടെ നാം ബലഹീനമായിരിക്കുന്ന അവസ്ഥയിൽ നിന്നും കൂടുതൽ ദൈവശക്തി പ്രാപിക്കുവാനും, അവന്റെ സാക്ഷികളായിത്തീരുവാനുമാണ്.

**റോമർ 8:28** "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലതും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു". ദൈവത്തെ സ്നേഹിക്കുന്നവർക്ക് കഷ്ടങ്ങളും, നഷ്ടങ്ങളും, രോഗങ്ങളും ഒക്കെ ഉണ്ടാകുമ്പോൾ അതെല്ലാം ആത്യന്തികമായി ദൈവം നന്മയ്ക്കായി തീർക്കുന്നു. അതുകൊണ്ട് നമുക്ക് പിറുപിറുപ്പുകൂടാതെ ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലാം. നാം ദൈവമക്കളും, അവകാശികളും ആണ്. ദൈവത്തിന് അവകാശിയും ക്രിസ്തുവിന്റെ കൂട്ടവകാശികളുമായ നാം അവനോടുകൂടി

തേജസ്കരിക്കപ്പെടേണ്ടതിനു അവനോടുകൂടി കഷ്ടം അനുഭവിക്കാനും വിളിക്കപ്പെട്ടവരാണ്.

അതുകൊണ്ട് അത്യന്തം കയ്പായതു ജീവിതത്തിൽ സംഭവിക്കുമ്പോഴും, നമുക്കുവേണ്ടി രക്തം ചൊരിഞ്ഞ കർത്താവിന്റെ മുഖത്തേയ്ക്ക് നോക്കുമ്പോൾ രക്തത്താൽ നമ്മുടെ അകൃത്യങ്ങളെ കഴുകി അത് ഇനി ഒരിക്കലും ഓർക്കാതിരിപ്പാൻ തക്കവണ്ണം അവൻ മായിച്ചു കളയുന്നു. അതുമാത്രമല്ല അവൻ നമ്മെ നാശത്തിൽ നിന്നു സ്നേഹത്തോടെ രക്ഷിക്കുകയും ദൈവസ്നേഹത്തിൽ നിലനിർത്തുകയും ചെയ്യുന്നു.

അതിനാൽ നാം ആയിരിക്കുന്ന അവസ്ഥകളെ ദൈവസന്നിധിയിലേക്ക് പകരാം. പ്രത്യാശയോടും വിശ്വാസത്തോടും കൂടി ദൈവസന്നിധിയിലായിരിക്കാം. നമ്മുടെ പ്രയാസങ്ങളുടെയും, രോഗങ്ങളുടെയും, പ്രശ്നങ്ങളുടേയും മദ്ധ്യത്തിലും ദൈവസ്വരം കേൾക്കാനും, ജീവിതങ്ങളെ ക്രമപ്പെടുത്താനുമായി ദൈവവചനത്തിലും ആത്മാവിലും ആശ്രയിക്കാം. അനുതാപത്തോടെ കർത്താവിന്റെ സന്നിധിയിലേക്ക് ഹൃദയങ്ങളെ പകരാം. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

**യെശയ്യാവ് 43:25**

എന്റെ നിമിത്തം ഞാൻ, ഞാൻ തന്നെ, നിന്റെ അതിക്രമങ്ങളെ മായിച്ചു കളയുന്നു. നിന്റെ പാപങ്ങളെ ഞാൻ ഓർക്കയുമില്ല.

**അ.പ്രവർത്തി 3:19**

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻ നിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയക്കയും ചെയ്യും

**യിരെമ്യാവ് 31:34**

ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 013**